പ്ലസ്ടുവിന് അനുവദിച്ചതിൽ ഒഴിവുള്ള സീറ്റുകൾ

101 [2416] ശ്രീ. കെ. മോഹൻകുമാർ:
,, ഇ. എം. അഗസ്തി:
,, കെ. സുധാകരൻ:
,, എം. കെ. പോാംസൺ മാസ്റ്റർ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടുവിനനുവദിച്ച സീറ്റുകൾ ഈ വർഷം ഒഴിവായി കിടപ്പുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സീറ്റുകൾ എന്ന് പറയുമോ;

(സി) സ്വാശ്രയ പ്ലസ്ടുകോഴ്സുകളിൽ സീറ്റൊഴിവുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) പ്ലസ്വൺ അഡ്മിഷനുള്ള നടപടിക്രമം പൂർത്തിയായിട്ടില്ല. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലും പത്ത് ശതമാനം സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം ഇൻറർവ്യൂ നടത്തേണ്ടത് ജൂലായ് 28-ന് ആണ്. അതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച വിശദവിവരം ലഭ്യമാവുകയുള്ളു.

ഹയർ സെക്കണ്ടറി സ്കൂളുകളിൽ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

102 [2418] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോക്കല്ലൂർ ഹയർ സെക്കണ്ടറി സ്കൂളിൽ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും കോഴ്സുകളും ആരംഭിക്കാൻ നയപരമായി തീരുമാനമെടുക്കുമ്പോൾ പരിഗണിക്കുന്നതിന് മാറ്റിവച്ചിട്ടുണ്ട്.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പരിശീലന ഗവേഷണകേന്ദ്രം ആരംഭിക്കുവാൻ നടപടി

103 [2420] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly